കെ.ഇ.എൽ.-2

ഈ സ്കീമിൽ ഉൾപ്പെട്ട 3 പ്രവൃത്തികളിൽ പുരോഗതി മോശമായിട്ടുള്ള ഒരെണ്ണം ത്വരിതപ്പെടുത്തുന്നതിന് പാടശേഖര സമിതികളുടെ മീറ്റിംഗുകൾ വിളിച്ചുകൂട്ടി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ദീർഘിപ്പിച്ച സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ കൈക്കൊണ്ടിരിക്കുന്നു.

കെ.ഇ.എൽ.-3

379.09 കോടി രൂപ ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസുള്ള ഈ സ്കീമിന് എംപവേർഡ് ക്ലിയറൻസ് 106.13 കോടി രൂപയ്ക്ക് മാത്രമേ കിട്ടിയുള്ളൂ. ഇതിൻപ്രകാരം കരാറിലുള്ള പ്രവൃത്തികൾ ഈ സമയ പരിധിക്കുള്ളിൽ തീർക്കാവുന്നതാണ്.

കെ.ഇ.എൽ.-4

ഈ സ്കീമിൽ ഉൾപ്പെട്ട 12 വാട്ടർ ഷെഡിന്റെയും ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. 8 പ്രവൃത്തികളുടെ ടെണ്ടറുകൾ സർക്കാർ പരിഗണനയിലാണ്. ടെണ്ടറുകൾക്ക് പ്രതികരണമില്ലാത്ത പ്രവൃത്തികൾ ചെറിയ ചെറിയ പ്രവൃത്തികളാക്കി ടെണ്ടർ ചെയ്യും. അപ്രകാരം ടെണ്ടർ ക്ഷണിച്ചവയിൽ 3 പ്രവൃത്തികൾ ഇപ്പോൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

**രണ്ടാംവിള നെൽകൃഷിക്ക് വെള്ളം തുറന്നുവിടണമെന്നതും കനാലുകൾ അറ്റകുറ്റപ്പണി നടത്താത്തതും സംബന്ധിച്ച്**

169 (2724) ശ്രീ. എം ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ രണ്ടാം വിളനെൽകൃഷിക്ക് വെള്ളം തുറന്നു വിടണമെന്ന കർഷകരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മലമ്പുഴ, വാളയാർ, കാഞ്ഞിരപ്പുഴ മംഗലം ഡാം മുതലായ ജലസേചന പദ്ധതികളിൽ നിന്നും രണ്ടാം വിളയ്ക്കാവശ്യമായ വെള്ളം എന്ന് തുറന്നുവിടും ; വിശദാംശം ലഭ്യമാക്കാമോ ;

(സി) രണ്ടാം വിളയ്ക്ക് വെള്ളം തുറന്ന് വിടുന്നതിനായി എന്തെല്ലാം മുന്നൊരുക്കങ്ങൾ ആണ് സാധാരണയായി നടത്തി വരാറുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിവിധ ജലസേചന പദ്ധതികളിൽ നിന്നും കൃഷിയിടങ്ങളിലേക്ക് വെള്ളം എത്തിക്കുന്ന കനാലുകളുടെ അറ്റകുറ്റപ്പണി നടത്താത്ത കാര്യം ശ്രദ്ധയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) രണ്ടാം വിളയ്ക്ക് ആവശ്യമായ ജലസേചനത്തിനായി മലമ്പുഴ ജലസേചന പദ്ധതിയുടെ ഇടതുകര കനാൽ 5-11-2014-നും വലതുകര കനാൽ 8-11-2014-നും മംഗലം ഡാം കനാൽ 5.11.2014-നും വാളയാർ ഡാം 1-12-2014 -നും തുറന്ന് ജലവിതരണം ആരംഭിച്ചിട്ടുണ്ട്. കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ കനാലുകൾ 2014 ഡിസംബർ പകുതിയോടുകൂടി തുറന്ന് ജലവിതരണം ആരംഭിക്കാൻ കഴിയും.

(സി) ജലസേചനത്തിന് മുന്നോടിയായി കനാലുകൾ കടന്നുപോകുന്ന അതാത് ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി, കനാലുകളിലെ ചെളി നീക്കം ചെയ്യുന്നതിനും കുറ്റിക്കാടുകൾ വെട്ടി വൃത്തിയാക്കുന്നതുമായ പ്രവൃത്തികൾ ചെയ്യുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതി മുഖേന ചെയ്യാൻ പറ്റാത്ത പ്രവൃത്തികളും വാർഷിക അറ്റകുറ്റപ്പണികളും ഡിപ്പാർട്ടുമെന്റ് തന്നെ ജലസേചനത്തിന് മുന്നോടിയായി ചെയ്യുന്നു തീർക്കുന്നു. പിന്നീട് അതാത് സ്ഥലങ്ങളിലെ ഉപദേശക സമിതി യോഗത്തിൽ വച്ച് ജലസേചനം തുടങ്ങുന്ന തീയതി തീരുമാനിക്കുകയും ജലസേചനം ആരംഭിക്കുകയും ചെയ്യുന്നു.

(ഡി) ഉണ്ട്. ചിറ്റൂർപ്പുഴ ജലസേചന പദ്ധതിയുടെ കനാലുകളുടെ അറ്റകുറ്റപ്പണികൾ ചെയ്ത് തീർത്ത് ജലവിതരണം ആരംഭിച്ചിട്ടുണ്ട്. കാഞ്ഞിരപ്പുഴ ജലസേചനപദ്ധതിയുടെ കനാലുകളുടെ അറ്റകുറ്റപ്പണികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

**വാട്ടർ അതോറിറ്റിയിൽ ഇ-ടെൻഡർ സംവിധാനം**

**170 (2725)** ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly